"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കൊയിലാണ്ടി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ശ്രീജി.വി.ആർ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 929/2023 നമ്പർ കേസിലെ 14.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേസസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2150/2023/LSGD തീയതി,തിരുവനന്തപുരം, 02-11-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീമതി. ശ്രീജി.വി.ആർ. സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ(അനക്ഷർ എ7 )
3. ശ്രീമതി. ശ്രീജി.വി.ആർ. ബഹ അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.929/2023 നമ്പർ കേസിലെ 14.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.10.2023 തീയതിയിലെ .LSGD/PD/60415/2023-DEB1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി കൊയിലാണ്ടി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ശ്രീജി.വി.ആർ. പരാമർശം 2 പ്രകാരം അപ്പീൽ അപേക്ഷ (അനക്ഷർ എ7) സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി. ശ്രീജി.വി.ആർ. ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.929/2023 നമ്പർ കേസിലെ 14.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷക സമർപ്പിച്ച അനക്ഷർ എ7 അപ്പീൽ പരിഗണിച്ച് ആയതിൽ ഉത്തരവ് ലഭിച്ച തീയതിമുതൽ ഒരു മാസത്തിനുള്ളിൽ ഉത്തരവാകണമെന്ന് ഒന്നാം എതിർ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി. ശ്രീജി.വി.ആർ. സമർപ്പിച്ച അനക്ഷർ എ 7 അപ്പീൽ അപേക്ഷ പ്രകാരം, രണ്ടരവർഷമായി കൊയിലാണ്ടി നഗരസഭയിൽ തുടരുന്നതായും, ജൂനിയർമാരെ താൻ ഓപ്റ്റ് ചെയ്ത നഗരസഭകളിലും തന്റെ ഹോം സ്റ്റേഷനായ കൊച്ചി നഗരസഭയിലും നിയമിച്ചിട്ടുള്ളതായും, കൊല്ലം ജില്ലയിൽ താമസിക്കുന്ന ടിയാളുടെ 1 മുതൽ 5 വരെയുള്ള ഓപ്ഷനുകളിൽ (കൊല്ലം, തിരുവനന്തപുരം കൊച്ചി, കൊട്ടാരക്കര, കരുനാഗപ്പള്ളി തുടങ്ങിയവ) സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതിന് അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ശ്രീമതി.ശ്രീജി.വി.ആർ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ 11.02.2021 മുതൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുകയാണ് എന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന് ടിയാൻ അവസരം ലഭിക്കുകയും, ടിയാൾ സ്ഥലം മാറ്റത്തിനായി കൊല്ലം കോർപ്പറേഷൻ, തിരുവനന്തപുരം കോർപ്പറേഷൻ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, തിരുവല്ല മുനിസിപ്പാലിറ്റി, കൊച്ചിൻ കോർപ്പറേഷൻ, കായംകുളം മുനിസിപ്പാലിറ്റി, കോട്ടയം മുനിസിപ്പാലിറ്റി, കളമശ്ശേരി മുനിസിപ്പാലിറ്റി, തൃശ്ശൂർ കോർപ്പറേഷൻ, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, ആലപ്പുഴ മുനിസിപ്പാലിറ്റി, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് എന്നിവയാണ് ഓപ്ഷൻ നൽകിയിരുന്നത് എന്നും അറിയിക്കുന്നു. ശ്രീമതി.ശ്രീജി.വി.ആർ-ന് 704 ദിവസത്തെ സ്റ്റേഷൻ സീനിയോറിറ്റിയാണുള്ളത് എന്നും തിരുവനന്തപുരം ജില്ലയിൽ ടിയാളുടെ ഓപ്ഷനായ തിരുവനന്തപുരം കോർപ്പറേഷനിലേയ്ക്ക് പരിഗണിച്ചിരിയ്ക്കുന്ന 11 ജീവനക്കാരിൽ ശ്രീ.സുജിത്കുമാർ, ശ്രീ.മധു.എസ്, ശ്രീ.ആർ.ഗണേഷ്-നെ ഒഴികെയുള്ള 8 ജീവനക്കാർക്കും ടിയാനെക്കാൾ സ്റ്റേഷൻ സീനിയോറിറ്റി കൂടുതലാണ്. ശ്രീ.സുജിത്കുമാർ, ശ്രീ.മധു.എസ് എന്നിവരെ സ്പെഷ്യൽ പ്രയോറിറ്റി വിഭാഗത്തിലും, ശ്രീ.ആർ.ഗണേഷ്-നെ ഭിന്നശേഷിയുള്ളവർ എന്ന വിഭാഗത്തിലും പരിഗണിച്ചാണ് തിരുവനന്തപുരം കോർപ്പറേഷനിലേയ്ക്ക് പരിഗണിച്ചിരിയ്ക്കുന്നത്. കൊല്ലം ജില്ലയിൽ ടിയാളുടെ ഓപ്ഷനായ കൊല്ലം കോർപ്പറേഷനിലേയ്ക്ക് പരിഗണിച്ചിരിയ്ക്കുന്ന ശ്രീ.ബിജു ഫ്രാൻസിസ് ടിയാനെക്കാൾ ജൂനിയറാണെങ്കിലും , ടിയാന്റെ ഹോം ജില്ല കൊല്ലമാണ്. ശ്രീമതി. ശ്രീജി.വി.ആർ-ന്റെ ഹോം ജില്ല എറണാകുളമാണ്. ഉത്തരവ് പരിശോധിച്ചതിൽ ശ്രീമതി ശ്രീജി വി ആർ-ന്റെ ഓപ്ഷനായ കൊച്ചി കോർപ്പറേഷനിൽ ടിയാനെക്കാൾ ജൂനിയറായിട്ടുള്ളവരെ പരിഗണിച്ചതായിട്ടാണ് കാണുന്നത് എന്നും ടി ഓപ്ഷനിൽ ടിയാൾക്ക് അർഹതയുള്ളതാണ് എന്നതിനാൽ എറണാകുളം ജില്ലയിലെ കൊച്ചിൻ കോർപ്പറേഷനിൽ ഉണ്ടാകുന്ന അടുത്ത ഒഴിവിലേയ്ക്ക് ശ്രീമതി ശ്രീജി.വി.ആർ-നെ സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതാണെന്ന വിവരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ട് പ്രകാരം, മേൽ വിഷയം തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പീൽ കമ്മിറ്റിയുടെ 19.10.2023 തീയതിയിലെ യോഗത്തിൽ വിശദമായി പരിശോധിച്ചു, അതിൻപ്രകാരം സ്ഥലംമാറ്റ ഉത്തരവ് പരിശോധിച്ചതിൽ ശ്രീമതി ശ്രീജി വി ആർ-ന്റെ ഓപ്ഷനായ കൊച്ചി കോർപ്പറേഷനിൽ ടിയാനെക്കാൾ ജൂനിയറായിട്ടുള്ളവരെ പരിഗണിച്ചതായി കാണുന്നു. ആയതിനാൽ ടിയാളുടെ ഓപ്ഷനായ കൊച്ചിൻ കോർപ്പറേഷനിൽ ഉണ്ടാകുന്ന അടുത്ത ഒഴിവിലേയ്ക്ക് ശ്രീമതി ശ്രീജി.വി.ആർ-നെ സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തിരുന്നു.

5. മേൽ സാഹചര്യത്തിൽ കൊച്ചിൻ കോർപ്പറേഷനിൽ ഉണ്ടാകുന്ന അടുത്ത ഒഴിവിലേയ്ക്ക് ശ്രീമതി ശ്രീജി.വി.ആർ-നെ സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അനക്ഷർ എ 7 അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 929/2023 നമ്പർ കേസിലെ 14.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീമതി ശ്രീജി.വി.ആർ., സൂപ്രണ്ട്, കൊയിലാണ്ടി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 02-11-2023 11:57:14
സെക്ഷൻ ഓഫീസർ